ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:10.03.2025

## പ്രധാനവാർത്തകൾ

1. പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിൻറെ രണ്ടാം ഘട്ടം ആരംഭിച്ചു. ചാമ്പ്യൻസ് ട്രോഫി കിരീടം നേടിയ ഇന്ത്യൻ സംഘത്തെ ഇരുസഭകളും അനുമോദിച്ചു.
2. സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളുടെ പെൻഷനുൾപ്പെടെ കുടിശികയുണ്ടെന്ന പരാതി സഭാ നിർത്തി വച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്.
3. വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് പത്തിന കർമ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണെന്ന് മന്ത്രി എ കെ ശശീന്ദ്രൻ നിയമസഭയിൽ.
4. സംസ്ഥാനത്തെ ലഹരി വ്യാപനവുമായി ബന്ധപ്പെട്ട് ഡിജിപിയോട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ റിപ്പോർട്ട് തേടി.
5. തൃശൂർ കൂടൽ മാണിക്യം ക്ഷേത്രത്തിലെ ജാതി വിവേചന ആരോപണത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു.
6. സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. അൾട്രാവയലറ്റ് രശ്മികൾക്കെതിരെ സുരക്ഷാമുൻകരുതലുകൾ സ്വീകരിക്കണമെന്ന് മുന്നറിയിപ്പ്.

==========================================

RNU TVPM

## പാർലമെൻറ്

പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിൻറെ രണ്ടാം ഘട്ടം ആരംഭിച്ചു. ചാമ്പ്യൻസ് ട്രോഫി കിരീടം നേടിയ ഇന്ത്യൻ സംഘത്തെ ഇരുസഭകളും അനുമോദിച്ചു. പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക് സഭ 12 മണി വരെ നിർത്തിവച്ച ശേഷമാണ് പുനഃരാരംഭിച്ചത്. ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കിയാൽ തമിഴ്നാട്ടിലെ വിദ്യാർത്ഥികളുടെ ഭാവി തകരുമെന്ന തരത്തിൽ ഡി.എം. കെ നടത്തുന്ന പ്രചാരണം തെറ്റാണെന്ന കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻറെ പ്രസ്താവനയെ തുടർന്നായിരുന്നു പ്രതിപക്ഷ ബഹളം. രാജ്യസഭയിലും നടപടികൾ പുരോഗമിക്കുകയാണ്. ഏപ്രിൽ നാല് വരെ നീളുന്ന സമ്മേളനത്തിൽ 20 സിറ്റിങ്ങുകൾ ഉണ്ടാകും.

RNU TVPM

==========================================

## രാഷ്ട്രപതി സന്ദർശനം

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ഹരിയാന, ചണ്ഡീഗഢ്, പഞ്ചാബ് സന്ദർശനത്തിന് തുടക്കം. ആദ്യ ദിനം ഹരിയാനയിലെ ഹിസാറിലെ ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്ന രാഷ്ട്രപതി ബ്രഹ്മകുമാരീസിൻറെ ആത്മീയ പരിപാടിയിലും സംബന്ധിക്കും.

==========================================

## നിയമസഭ – പ്രതിപക്ഷ വാക്കൗട്ട്

നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. നടപടികൾ നിർത്തി വയ്ക്കണമെന്ന ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയത്. സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ പെൻഷനുൾപ്പെടെ കുടിശികയുണ്ടെന്ന സാഹചര്യം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യുന്നതിന് പ്രതിപക്ഷത്ത് നിന്ന് എം വിൻസൻറ് ആണ് നോട്ടീസ് നൽകിയത്.

സംസ്ഥാനത്തെ 31 ക്ഷേമനിധി ബോർഡുകളിൽ പതിനഞ്ച് എണ്ണം ഗുരുതരമായ പ്രതിസന്ധിയിലാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. ക്ഷേമ നിധി ബോർഡ് അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സർക്കാർ യഥാസമയം വിതരണം ചെയ്യുന്നുണ്ട് എന്ന് മന്ത്രി വി ശിവൻകുട്ടിക്ക് വേണ്ടി മന്ത്രി കെ എൻ ബാലഗോപാൽ മറുപടി പറഞ്ഞു. മന്ത്രിയുടെ മറുപടിയെ തുടർന്ന് നടപടികൾ നിർത്തി വയ്ക്കണമെന്ന ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു.

RNU TVPM

==========================================

## നിയമസഭ ശശീന്ദ്രൻ – (ഇൻട്രോ)

സംസ്ഥാനത്തെ വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് പത്തിന കർമ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. വന്യജീവി ആക്രമണങ്ങൾ നേരിടാൻ വനമേഖലയിൽ താമസിക്കുന്ന

ആദിവാസി വിഭാഗത്തിന് പ്രഥമ പരിഗണന നൽകുമെന്നും അദ്ദേഹം നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു.

മലപ്പുറം മമ്പാട് ഇളമ്പുഴ ഭാഗത്ത് ഇറങ്ങിയ പുലിയെ പിടിക്കാൻ നിർദേശം നൽകിയതായും മന്ത്രി അറിയിച്ചു.

**( വോയിസ്................ )**

കണ്ണൂർ ആറളം ഫാമിൽ വന്യജീവികളെ തുരത്താൻ സ്വീകരിച്ച മാതൃക മറ്റ് ഇടങ്ങളിലും നടപ്പാക്കുമെന്നും
വനം മന്ത്രി പറഞ്ഞു.

==========================================

**ഒ.ആർ കേളു**

പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിലുള്ളവർക്ക്
50,000 മുതൽ 50 ലക്ഷം വരെ വായ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നതായി മന്ത്രി ഒ ആർ കേളു. ആദിവാസി പുനധിവാസ മേഖലകളിലെ ഉന്നതികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുമെന്നും മന്ത്രി നിയമസഭ ചോദ്യോത്തര വേളയിൽ പറഞ്ഞു.

RNU TVPM

==========================================

**നിയമസഭ - സജി ചെറിയാൻ - (ഇൻട്രോ)**

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മത്സ്യ കൃഷി വ്യാപകമാക്കാനുള്ള പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി
സജി ചെറിയാൻ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായി തുക നീക്കി വയ്ക്കണമെന്നും നിയമസഭയിൽ MLA കെ എൻ ഉണ്ണികൃഷ്ണൻറെ ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞു.

കുഫോസ് റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിൻറെ വേമ്പനാട് കായൽ പുനരുജ്ജീവന നടപടികൾ പുരോഗമിക്കുകയാണെന്നും മന്ത്രി സജി ചെറിയാൻ അറിയിച്ചു.
**( വോയിസ്...................... )**

==========================================

**ലഹരിവ്യാപനം -ഗവർണർ**

സംസ്ഥാനത്തെ ലഹരി വ്യാപനവുമായി ബന്ധപ്പെട്ട് ഡിജിപിയോട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ റിപ്പോർട്ട് തേടി. നിലവിലെ സാഹചര്യം വിശദീകരിക്കാനാണ് ഡിജിപിക്ക് ഗവർണർ നിർദ്ദേശം നൽകിയത്. കോളേജ് ക്യാമ്പസുകളിലെ ലഹരിവ്യാപനവുമായി ബന്ധപ്പെട്ട് വൈസ് ചാൻസലർമാരുടെ യോഗം ചേരാനിരിക്കെയാണ് ഗവർണറുടെ നിർദേശം.

RNU TVPM

==========================================

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==========================================

**കൂടൽമാണിക്യം - മനുഷ്യാവകാശ കമ്മീഷൻ**

തൃശൂർ കൂടൽ മാണിക്യം ക്ഷേത്രത്തിലെ ജാതി വിവേചന ആരോപണത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. കൊച്ചിൻ ദേവസ്വം കമ്മീഷണറും കൂടൽമാണിക്യം എക്സിക്യൂട്ടീവ് ഓഫീസറും

രണ്ടാഴ്ചക്കകം അന്വേഷണ റിപ്പോർട്ട് നൽകണമെന്നാണ് നിർദേശം. കഴകം തസ്തികയിൽ നിയമിതനായ പിന്നാക്ക സമുദായക്കാരനെ തന്ത്രിമാരുടെ പ്രതിഷേധത്തെ തുടർന്ന് ജോലിയിൽ നിന്നും മാറ്റി നിർത്തിയ സംഭവത്തിലാണ് മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ കേസെടുത്തത്.

========================================

**കൂടൽമാണിക്യം - വെള്ളാപ്പള്ളി**

കൂടൽ മാണിക്യം ക്ഷേത്രത്തിലെ കഴകക്കാരനെ മാറ്റിനിർത്താനുള്ള തീരുമാനം ചട്ടലംഘനമെന്ന് കെ രാധാകൃഷ്ണൻ എം.പി. ഇത്തരം പ്രവണതകൾ അംഗീകരിക്കാനാവില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, ജാതിവിവേചനം സംബന്ധിച്ച പരാതിയിൽ സർക്കാർ ശക്തമായ നടപടി സ്വീകരിക്കണമെന്ന് S.N.D.P യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ആവശ്യപ്പെട്ടു. ഇത്തരം സംഭവങ്ങൾ കേരളത്തിൽ ആവർത്തിക്കാതിരിക്കാൻ സമൂഹം ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

BNU TVPM

========================================

**ഇടുക്കി പെരിയാർ ടൈഗർ - (ഇൻട്രോ)**

കേരളത്തിൻ്റെ വന സമ്പത്തായ പെരിയാർ ടൈഗർ റിസർവിൽ നിന്ന് കാർബൺ ക്രെഡിറ്റ് സ്വന്തമാക്കാനുള്ള പദ്ധതിയുമായി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ. 925 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയുള്ള റിസർവ്വിൽ

നിന്ന് ഒരു വർഷം 1. 90 ലക്ഷം ടൺ കാർബൺ ഡയോക്സൈഡ് സംഭരിക്കുന്നുണ്ടെന്നാണ് പഠനം.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി**
**രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....**

**(വോയിസ്.................)**

==========================================

**<u>അൾട്രാവയലറ്റ് സൂചിക</u>**

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കൊല്ലം, പാലക്കാട് ജില്ലകളിൽ ഇന്ന് ഉയർന്ന താപനിലയ്ക്ക് സാധ്യത. അതേസമയം, കഴിഞ്ഞ ദിവസം ഉയർന്ന അൾട്രാവയലറ്റ് സൂചികകൾ രേഖപ്പെടുത്തിയ സാഹചര്യത്തിൽ കർശന മുൻകരുതലുകൾ സ്വീകരിക്കണമെന്ന് സംസ്ഥാന ദുരന്ത പ്രതികരണ അതോറിട്ടി അറിയിച്ചു. തുടർച്ചയായി കൂടുതൽ സമയം അൾട്രാവയലറ്റ് രശ്മികൾ ശരീരത്തിൽ ഏൽക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമായേക്കുമെന്നതിനാൽ സുരക്ഷാമുൻകരുതലുകൾ സ്വീകരിക്കണമെന്നും നിർദേശം.

PNU TVPM

==========================================

**<u>കേരളം - കാലാവസ്ഥ</u>**

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നാളെ മഴ മുന്നറിയിപ്പ്. ഈ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

==========================================

**വയനാട് പുഞ്ചകൃഷി - (ഇൻട്രോ)**

പുഞ്ചകൃഷിക്കാലമായതോടെ വയൽക്കാഴ്ചകളാൽ സമൃദ്ധമായി വയനാട് മാനന്തവാടി വേമം പാടശേഖരം.
പല ഇടങ്ങളിലും നെൽകൃഷി ഉപേക്ഷിക്കുമ്പോഴും കർഷകരുടെ കൂട്ടായ്മയും സഹകരണവും കൃഷിയെ ജീവിതത്തോട് ചേർത്ത് പിടിക്കുകയാണ് ഇവിടെ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ്.......**

**(വോയിസ്...........................)**

==========================================

**ഐ.എസ്.എൽ**

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ്സി മൊഹമ്മദൻ എസ് സിയെ നേരിടും. കൊൽക്കത്തയിൽ രാത്രി 7.30-നാണ് മത്സരം.

==========================================

**പ്രധാനമന്ത്രി മൗറീഷ്യസ് സന്ദർശനം**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനത്തിന് നാളെ തുടക്കമാകും. മൗറീഷ്യസിൻറെ ദേശീയ ദിനാഘോഷങ്ങളിൽ മുഖ്യാതിഥിയായി അദ്ദേഹം പങ്കെടുക്കും.
മൗറീഷ്യസ് പ്രസിഡൻറിനെ സന്ദർശിക്കുന്ന
ശ്രീ മോദി പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി ചർച്ച

PNU TVPM

നടത്തുകയും ചെയ്യും. 2015- ന് ശേഷം പ്രധാനമന്ത്രിയുടെ ആദ്യ മൗറീഷ്യസ് സന്ദർശനമാണിത്.

=========================================

## വിഴിഞ്ഞം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് പാരിസ്ഥിതിക അനുമതി ലഭിച്ചു. രണ്ടും മൂന്നും ഘട്ട അനുമതിയാണ് ലഭിച്ചത്.

=========================================

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 225 പോയിൻറ് ഉയർന്ന് 74,557 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 64 പോയിൻറ് ഉയർന്ന് 22,616- ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണവില കൂടി. ഗ്രാമിന് 10 രൂപ വർദ്ധിച്ച് 8,050 രൂപയും പവന് 64,400 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

===================

===========================

=========================================